| **Headline:** NSE to start gold bond trading in cash segment | |
|---|---|
| **Source:** Malyala Manorama, a Malayalam Daily, Kerala | **Date:** 10 June 2016 |

# സ്റ്റോക് എക്സ്ചേഞ്ചുകളിൽ സ്വർണ ബോണ്ട് വ്യാപാരം 13 മുതൽ

മുംബൈ • നാഷനൽ സ്റ്റോക് എക്സ്ചേഞ്ചിലും (എൻഎസ്ഇ) ബോംബെ സ്റ്റോക് എക്സ്ചേഞ്ചിലും(ബിഎസ്ഇ) 13 മുതൽ സ്വർണാധിഷ്ഠിത കടപ്പത്രങ്ങളുടെ വ്യാപാരം നടക്കും. കുറഞ്ഞ നിക്ഷേപം ഒരു ഗ്രാം സ്വർണത്തിനു തുല്യം. വ്യാപാരത്തിനുള്ള റഫറൻസ് വില ഇന്ത്യൻ ബുള്ള്യൻ ആൻഡ് ജ്വല്ലേഴ്സ് അസോസിയേഷൻ ( ഐബിജെഎ) നൽകുമെന്ന് എൻഎസ്ഇ അറിയിച്ചു.

കാഷ് വിഭാഗത്തിലാണ് സ്വർണ ബോണ്ട് വ്യാപാരം ആരംഭിക്കുക. അധിക നടപടിക്രമങ്ങളില്ലാതെ എക്സ്ചേഞ്ച് വഴി വാങ്ങലും വിൽക്കലും സാധിക്കുന്നതിനാൽ സ്വർണ ബോണ്ടുകൾ കൂടുതൽ ആളുകളിലേക്ക് എത്തുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ഓഹരി വാങ്ങി വിൽക്കുന്നതുപോലെ തന്നെ നിക്ഷേപകർക്കു സ്വർണ ബോണ്ടുകൾ എക്സ്ചേഞ്ചിലൂടെ സ്വതന്ത്രമായി വാങ്ങാനും വിൽക്കാനും സാധിക്കും. ചെറുകിട നിക്ഷേപകരുടെ കൂടുതൽ പങ്കാളിത്തമുണ്ടാകുമെന്നാണ് പ്രതീക്ഷ..

സ്വർണ വിലയുമായി ബന്ധിപ്പിച്ചാണ് നിക്ഷേപകർക്കു റിട്ടേൺ ലഭിക്കുക. കൂടാതെ 2.75% വാർഷിക പലിശ അർധവാർഷികമായി ലഭിക്കുന്ന വിധമാണ് ബോണ്ട് പുറത്തിറക്കിയത്. കാലാവധി എട്ടു വർഷം. അഞ്ചു വർഷമാകുമ്പോൾ പിൻവലിക്കാനുമാവും.